**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob: 82 81 707 785

**HAJ-2023**

No:H2/176/2023/KSHC

Date: 26.05.2023
കരിപ്പൂർ

**ക്വട്ടേഷൻ ക്ഷണിക്കുന്നു.**

വിഷയം : കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കോഴിക്കോട് എംബാർക്കേഷൻ പോയിന്റിൽ നിന്നും (ഹജ്ജ് ഹൗസ്) തീർത്ഥാടകരെ കരിപ്പൂർ എയർപോർട്ട് ടെർമിനലിലേക്ക് ബസ് മാർഗം എത്തിക്കുന്നതിന് പരിചയ സമ്പന്നരായ വ്യക്തി / ടൂർസ് & ട്രാവൽസ് സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**റിക്വയർമെന്റ്.**

1. Date : 4.6.2023 to 22.6.2023
2. ഓരോ ദിവസവും 2/3 വിമാന സർവ്വീസുകൾ ഉണ്ടായിരിക്കും.
3. സീറ്റിങ്ങ് കപ്പാസിറ്റി 34 ഉള്ള രണ്ട് വീതം ബസുകളാണ് ആവശ്യമുള്ളത്.
4. ക്യാമ്പ് ആരംഭിച്ചത് മുതൽ അവസാനിക്കുന്നത് വരെ ബസുകൾ ക്യാമ്പിൽ തന്നെ ഉണ്ടാവണം. ഇടയിൽ മറ്റു സർവ്വീസുകൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.
5. ബസിൽ ഡ്രൈവർ, ക്ലീനർ എന്നീ രണ്ട് ജീവനക്കാർ ഉണ്ടായിരിക്കണം.
6. ബസിനു കേരള മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിക്കുന്ന മുഴുവൻ രേഖകളും ഉണ്ടായിരിക്കണം. പ്രസ്തുത രേഖകൾക്ക് നിയമപരമായ എല്ലാ സാധുതയും ഉണ്ടായിരിക്കണം. (ഡ്രൈവർ ലൈസൻസ്, ഫിറ്റ്നസ്, ഇൻഷൂറൻസ് തുടങ്ങിയവ)
7. ബസ് ഒന്നിനുള്ള പ്രതി ദിന തുക എന്ന രൂപത്തിലാണ് തുക കോട്ട് ചെയ്യേണ്ടത്.
8. ബസിലെ ജീവനക്കാരുടെ വേതനം, ബത്ത, ബസ്സിലേക്ക് ആവശ്യമായ ഇന്ധനത്തിനുള്ള ചെലവ് എന്നിവ ഉൾപ്പടെയുള്ള തുകയാണ് കോട്ട് ചെയ്യേണ്ടത്.

ക്വാട്ടേഷനുകൾ എക്സിക്യൂട്ടീവ് ഓഫീസർ ,കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ,ഹജ്ജ് ഹൗസ് ,കാലിക്കറ്റ് എയർപോർട്ട് പി.ഓ , മലപ്പുറം 673647 എന്ന വിലാസത്തിൽ 01.6.2023 ന് 3 .00 PM മണിക്ക് മുമ്പായി ലഭിക്കേണ്ടതും അന്നേ ദിവസം 4.00 pm മണിക്ക് തുറക്കുന്നതുമായിരിക്കും .ലഭിക്കുന്ന ക്വട്ടേഷനിൽ നിന്ന് ഏറ്റവും കുറവ് സംഖ്യ രേഖപ്പെടുത്തുന്ന സ്ഥാപനം / വ്യക്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതും പ്രസ്തുത സ്ഥാപനം / വ്യക്തി നിശ്ചിത സമയത്ത് സർവ്വീസിനായി ബസ് ഹജ്ജ് ക്യാമ്പിൽ എത്തിക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി സമയങ്ങളിൽ ഹജ്ജ് കമ്മിറ്റി ഓഫീസിൽ അന്വേഷിക്കാവുന്നതാണ് ഫോൺ 0483-2710717 , 2717572.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഓഫീസർ**
**കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി**

പകർപ്പ് : നോട്ടീസ് ബോർഡ് , കൊണ്ടോട്ടി മുൻസിപ്പാലിറ്റി / വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്.
WEBSITE (keralahajcommittee.org)